

**തെളിനീരാാാ:** സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച നീര വെൻഡിങ് മെഷീൻ ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിദ്യാർഥികൾക്കു നീര കൊടുക്കുന്നു. മന്ത്രി കെ.പി. മോഹനൻ സമീപം.

# നീര കുടിക്കാൻ സെക്രട്ടേറിയറ്റിൽ ക്യൂ, കുടിച്ചവർക്ക് രണ്ടഭിപ്രായം

തിരുവനന്തപുരം● സെക്രട്ടേറിയറ്റിലെ കേര നീര വെൻഡിങ് മെഷീൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. കാത്തുകാത്തിരുന്ന ദിവ്യ പാനീയം ക്യൂ നിന്നു സെക്രട്ടേറിയറ്റ് ജീവനക്കാർ വാങ്ങിക്കുടിച്ചു സമ്മിശ്ര അഭിപ്രായം രേഖപ്പെടുത്തി.

കൊച്ചിയിലും മറ്റും നീര വിൽപന നേരത്തേ ആരംഭിച്ചിട്ടുണ്ടെങ്കിലും തലസ്ഥാനത്ത് ആദ്യമാണ്. ഏതാനും വിപണനമേളകളിൽ നേരത്തേ നീര എത്തിയിരുന്നു. നാളികേര വികസന കോർപറേഷനാണു നീര കേരള എന്ന ബ്രാൻഡ് പേരിലുള്ള നീര പുറത്തിറക്കിയത്. 30 രൂപയാണു വില. നീര കുടിക്കൂ ഉൻമേഷം നേടൂ എന്നാണു കോർപറേഷന്റെ മുദ്രാവാക്യം. ലോകം കണ്ട ഏറ്റവും മികച്ച ഹെൽത്ത് ഡ്രിങ്കാണു നീര എന്ന് അണിയറ പ്രവർത്തകർ പറയുന്നുണ്ടെങ്കിലും കുടിച്ചവർ രണ്ടഭിപ്രായമാണു പറഞ്ഞത്. ഒന്നാന്തരം ഡ്രിങ്കാണ് ഇതെന്ന് ഒരു വിഭാഗം പറഞ്ഞപ്പോൾ നാരങ്ങാവെള്ളം ഇതിലും ഭേദമാണെന്നാണു മറുപക്ഷം.

തെങ്ങിൻപൂക്കുലയിൽനിന്നു കിട്ടുന്ന ദ്രവത്തിൽ കോളപോലെ ചില പ്രിസർവേറ്റിവ്സും ഗ്യാസും ചേർത്താണു കേര നീര പുറത്തിറക്കിയത്. വെൻഡിങ് മെഷീനിൽ 10 രൂപയും 20 രൂപയും നിക്ഷേപിച്ചാൽ 200 എംഎൽ കുപ്പിയിൽ നീര ഇറങ്ങിവരും.

നീര വിപണനോദ്ഘാടനം കഴിഞ്ഞതോടെ സെക്രട്ടേറിയറ്റിൽ നിന്നു പുരുഷൻമാരുടെ നീണ്ട നിര ഇറങ്ങിവന്നു വെൻഡിങ് മെഷീനു മുന്നിൽ ക്യൂ നിന്നു. നീര ഒരു തരം മധുരക്കള്ളാണെന്ന തെറ്റിദ്ധാരണയുള്ളതിനാലാകാം സ്ത്രീ ജീവനക്കാരെ ആ പരിസരത്തു കണ്ടില്ല. വെൻഡിങ് മെഷീനിൽ നീര വാങ്ങിക്കുടിച്ചവർ ഏറെക്കുറെ മുഴുവൻ പേരും പുരുഷൻമാരായിരുന്നു. ഇന്നലെയും ഇന്നും ഡ്രൈ ഡേ ആയതിനാൽ ആ വകയിൽ നീരയിൽ പരീക്ഷണം നടത്തിയവരും ഉണ്ടായിരുന്നു. തീരുന്ന മുറയ്ക്കു വെൻഡിങ് മെഷീനിൽ നീര നിറയ്ക്കുകയാണ്.

കേര നീര കർഷാകാഭിവൃദ്ധിക്കു സഹായകമാകുമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. കേര കർഷകനു കൃഷി വകുപ്പിന്റെ കേര നീര പദ്ധതി വഴി ഏറെ ആനുകൂല്യങ്ങൾ ലഭിക്കും. മികച്ച വരുമാനമുറപ്പാക്കാനും സാധിക്കും. കേരളത്തിനു സ്വന്തമായ നാളികേരം ഇടക്കാലത്തു സംസ്ഥാനത്തിനു കൈവിട്ടു പോകുന്ന അവസ്ഥ വന്നിരുന്നു. കേര കൽപവൃക്ഷ പദ്ധതി വഴി അതു തിരികെപ്പിടിക്കാൻ കൃഷി വകുപ്പിനു സാധിച്ചു. കർഷകാഭിമുഖ്യമുള്ള പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ കാർഷിക രംഗത്തു മുന്നേറ്റങ്ങൾ നടത്താൻ ശ്രമം നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നീര വിപണന പ്രചാരണ വാഹനത്തിന്റെ കാസർകോട്ടേക്കുള്ള യാത്രയുടെ ഫ്ളാഗ് ഓഫും മുഖ്യമന്ത്രി നിർവഹിച്ചു. എല്ലാ വിദ്യാലയങ്ങളിലും രണ്ടു തെങ്ങിൻ തൈകൾ വീതം സൗജന്യമായി നൽകുന്ന 'വിദ്യാലയങ്ങളിൽ കൽപവൃക്ഷം' എന്ന പദ്ധതിക്കും മുഖ്യമന്ത്രി തുടക്കമിട്ടു. മന്ത്രി കെ.പി. മോഹനൻ അധ്യക്ഷനായിരുന്നു.